2026
MARCH
09
MONDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# ഗ്ലോബൽ ഗ്രാഫീൻ സമ്മേളനം: സാങ്കേതിക വിപ്ലവത്തിന് കേരളം വേദി

**കൊച്ചി:** ഗ്രാഫീനും മറ്റ് ദ്വിമാന വസ്തുക്കളുമായി ബന്ധപ്പെട്ട പുതിയ ഗവേഷണങ്ങളും സാങ്കേതികവിദ്യകളും ചർച്ച ചെയ്യുന്ന അന്താരാഷ്ട്ര സമ്മേളനവും പ്രദർശനവും 'ഗ്രാഫിൻ ഇന്ത്യ 2026' ഇന്നു മുതൽ 12 വരെ കൊച്ചി ലെ മെറിഡിയൻ കൺവൻഷൻ സെന്ററിൽ നടക്കും. ഇന്ത്യയിൽ ആദ്യമായാണ് ഗ്രാഫീനും 2ഉ വസ്തുക്കളും കേന്ദ്രീകരിച്ച ഇത്തരമൊരു അന്താരാഷ്ട്ര സമ്മേളനം നടക്കുന്നത്. ഒരു ആറ്റം മാത്രം കട്ടിയുള്ള കാർബൺ പാളിയാണ് ഗ്രാഫീൻ. പേപ്പറിനേക്കാൾ ലഘുവും സ്റ്റീലിനേക്കാൾ ശക്തവുമാണ്. വൈദ്യുതിയും ചൂടും മികച്ച രീതിയിൽ കടത്തി വിടും. ഈ പ്രത്യേകതകൾ കാരണമാണ് അതിനുതന സാങ്കേതികവിദ്യകളിൽ വലിയ സാധ്യതയുള്ള വസ്തുവായി ഗ്രാഫീനെ ശാസ്ത്രലോകം വിലയിരുത്തുന്നത്.

ഇലക്ട്രിക് വാഹനങ്ങൾക്ക് വേണ്ടിയുള്ള ഉയർന്ന ശേഷിയുള്ള ബാറ്ററികൾ, ഊർജസംഭരണ സാങ്കേതികവിദ്യ, വെള്ള ശുദ്ധീകരണ സംവിധാനങ്ങൾ, മെഡിക്കൽ സെൻസറുകൾ, വളയ്ക്കാവുന്ന ഇലക്ട്രോണിക്സ്, അതിനൂതന സെമികണ്ടക്ടറുകൾ തുടങ്ങിയ മേഖലകളിലെ പുതിയ ഗവേഷണങ്ങളും സമ്മേളനത്തിൽ ചർച്ചയാകും. വിഷാംശങ്ങൾ നീക്കം ചെയ്യാൻ കഴിയുന്ന ഗ്രാഫീൻ ഫിൽറ്ററുകൾ, രോഗങ്ങൾ വേഗത്തിൽ കണ്ടെത്താൻ കഴിയുന്ന സെൻസറുകൾ തുടങ്ങിയ സാങ്കേതികവിദ്യകളും അവതരിപ്പിക്കും. നവജാത ശിശു പരിചരണത്തിനായി വികസിപ്പിക്കുന്ന പുതിയ ഗ്രാഫീൻ അധിഷ്ഠിത തെർമ്മൽ (താപ ഊർജ്ജ) സാങ്കേതികവിദ്യ ശ്രദ്ധേയമായവും. ആരോഗ്യനിലയും ശരീര ചലനവും നിരീക്ഷിക്കുന്ന ധരിക്കാവുന്ന ഇലക്ട്രോണിക് ഉപകരണങ്ങളിലെ സാധ്യതകളും അവതരിപ്പിക്കുമെന്ന് സംഘാടകർ അറിയിച്ചു. റോഡുകളും പാലങ്ങളും കെട്ടിടങ്ങളും കൂടുതൽ ദൃഢമാക്കാൻ ഗ്രാഫീൻ ഉപയോഗിച്ച പുതിയ നിർമ്മാണ സാങ്കേതികവിദ്യകളുടെ സാധ്യതകളും സമ്മേളനത്തിൽ ചർച്ചയാകും. സമ്മേളനത്തോടനുബന്ധിച്ച് നടക്കുന്ന അന്താരാഷ്ട്ര പ്രദർശനത്തിൽ ഗവേഷണ സ്ഥാപനങ്ങളും സ്റ്റാർട്ടപ്പുകളും വ്യവസായ സ്ഥാപനങ്ങളും വികസിപ്പിച്ച പുതിയ സാങ്കേതികവിദ്യകളും മാതൃകകളും പ്രദർശിപ്പിക്കും.

ഗ്രാഫീൻ ഗവേഷണത്തിലും ഉൽപ്പാദനത്തിലും കേരളത്തെ ആഗോള കേന്ദ്രമാക്കുകയാണ് സംസ്ഥാനത്തിന്റെ ലക്ഷ്യം. ഗ്രാഫീൻ നയം പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് സജ്ജമായ ഗവേഷണ അടിസ്ഥാന സൗകര്യങ്ങളും വ്യവസായ പങ്കാളിത്തവും സമ്മേളനത്തിന് കൊച്ചിയെ വേദിയാക്കാൻ കാരണമായതായി സംഘാടകർ പറഞ്ഞു. നോബൽ ജേതാവും സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റിയൂട്ട് ഫോർ ഫങ്ഷണൽ ഇന്റലിജന്റ് മെറ്റീരിയൽസിന്റെ ഡയറക്ടറുമായ പ്രൊഫ. കോസ്റ്റ്യ നോവോസെലോവ് ഇന്ന് രാവിലെ 9.30 ന് സമ്മേളനം ഉദ്ഘാടനം ചെയ്യും.

കേന്ദ്ര ഇലക്ട്രോണിക്സ് ഐടി മന്ത്രാലയത്തിന്റെ കീഴിലുള്ള സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി (സിമെറ്റ്) ആണ് സമ്മേളനം സംഘടിപ്പിക്കുന്നത്. സ്പെയിനിലെ ഫാന്റം ഫൗണ്ടേഷന്റെയും ഗ്രാഫീൻ ഗവേഷണത്തിൽ മുൻനിരയിലുള്ള മാഞ്ചസ്റ്റർ സർവകലാശാലയുടെയും സഹകരണത്തോടെ നടക്കുന്ന ശാസ്ത്ര സമ്മേളനത്തിന് ഇന്ത്യ ഇന്നവേഷൻ സെന്റർ ഫോർ ഗ്രാഫീൻ, സെന്റർ ഓഫ് എക്സലൻസ് ഇൻ ഇന്റലിജന്റ് ഐഒടി സെൻസേഴ്സ് എന്നിവയുടെ പിന്തുണയുണ്ട്.

ടാറ്റ സ്റ്റീൽ, കാർബറം യൂണിവേഴ്സൽ, ടി.എ.സി.സി, എൽ.ഒ.എൽ.സി അഡ്വാൻസ്ഡ് ടെക്നോളജീസ് എന്നിവയും സമ്മേളനത്തിന് ശക്തി പകരും.

## ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ് മാർച്ച് 26 മുതൽ

**ന്യൂഡൽഹി:** ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിന്റെ ആദ്യ പതിപ്പ് മാർച്ച് 26 മുതൽ ഏപ്രിൽ 6 വരെ ഛത്തീസ്ഗഡിലെ റായ്പൂർ, ജഗദൽപൂർ, സർഗുജ എന്നീ മൂന്ന് നഗരങ്ങളിലായി നടക്കുമെന്ന് കേന്ദ്ര യുവജനകാര്യ, കായിക മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ പറഞ്ഞു. അത്‌ലറ്റിക്സ്, ഫുട്ബോൾ, ഹോക്കി, ഭാരോദ്വഹനം, അമ്പെയ്ത്ത്, നീന്തൽ, ഗുസ്തി എന്നിങ്ങനെ ഏഴ് കായിക ഇനങ്ങൾ ഗെയിംസിൽ ഉൾപ്പെടുന്നു. കൂടാതെ, മല്ലഖംബ്, കബഡി എന്നീ രണ്ട് പ്രദർശന മത്സരങ്ങളും ഉണ്ടായിരിക്കും.

ഇന്ത്യയിലെ ഭൂരിഭാഗം സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്ര ഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള പ്രാതിനിധ്യം ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിൽ ഉണ്ടാകും. കായികരംഗത്തേക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് അവസരവും സാധ്യതയും നൽകുന്ന മന്ത്രാലയത്തിന്റെ വിപുലീകരിച്ചുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമാണ് ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസെന്ന് കേന്ദ്രമന്ത്രി ഡോ. മാണ്ഡവ്യ പറഞ്ഞു.

ആദ്യ ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിന്റെ ലോഗോ, തീം സോംഗ്, ഭാഗ്യചിഹ്നം എന്നിവ ഡിസംബർ 23ന് ബിലാസ്പൂരിലെ ലേറ്റ് ബി. ആർ. യാദവ് സ്പോർട്സ് സ്റ്റേഡിയത്തിൽ അനാച്ഛാദനം ചെയ്തിരുന്നു. ഗോത്ര മേഖലകളിൽ നിന്ന് ഉയർന്നുവരുന്ന കായിക പ്രതിഭകളെ ഈ ഗെയിംസ് ശക്തിപ്പെടുത്തും. 'ഗോത്ര മേഖലകളിൽ നിന്നുള്ള പ്രതിഭകളെ കണ്ടെത്തുക എന്നതും കായികതാരങ്ങളുടെ എണ്ണം തുടർച്ചയായി വർദ്ധിപ്പിക്കുക എന്നതും കാലഘട്ടത്തിന്റെ ആവശ്യമാണ്. ഗോത്രവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള കഴിവുള്ള കായികതാരങ്ങളെ നേരത്തെ തിരിച്ചറിയുകയും, അവർക്ക് വ്യവസ്ഥാപിതമായ പിന്തുണ നൽകുകയും, അവരെ ദേശീയ കായിക ചട്ടക്കൂടിന്റെ ഭാഗമാക്കുകയും ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കും. കേന്ദ്ര യുവജനകാര്യകായിക മന്ത്രാലയം, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ, നാഷണൽ സ്പോർട്സ് ഫെഡറേഷനുകൾ, ഛത്തീസ്ഗഡ് സംസ്ഥാന സംഘാടക സമിതി എന്നിവ സംയുക്തമായാണ് ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസ് 2026 സംഘടിപ്പിക്കുന്നത്. ഇതിന്റെ സാങ്കേതിക മാനദണ്ഡങ്ങൾ അന്താരാഷ്ട്ര മത്സരങ്ങളോട് പൊരുത്തപ്പെടുന്ന രീതിയിലാണ് നിശ്ചയിച്ചിരിക്കുന്നത്.

## രാജ്യത്തെ കമ്പനികൾ എഐ നിക്ഷേപം വർധിപ്പിക്കാനൊരുങ്ങുന്നു

**കൊച്ചി:** ഇന്ത്യയിലെ മിക്കവാറും സ്ഥാപനങ്ങളും അടുത്ത 12 മാസത്തിനുള്ളിൽ നിർമ്മിത ബുദ്ധി (എഐ) മേഖലയിലെ നിക്ഷേപം വർധിപ്പിക്കാൻ ഒരുങ്ങുന്നതായി ലെനോവ പുറത്തിറക്കിയ സിഐഒ പ്ലേബുക്ക് 2026 - ദി റേസ് ഫോർ എന്റർ പ്രൈസ് എഐ എന്ന റിപ്പോർട്ട് വ്യക്തമാക്കുന്നു. ഐഡിസിയുടെ സഹകരണത്തോടെ തയ്യാറാക്കിയ ഈ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ 99 ശതമാനം സ്ഥാപനങ്ങളും എഐ നിക്ഷേപം വർധിപ്പിക്കാൻ പദ്ധതിയിടുന്നതായും ഇതുമായി ബന്ധപ്പെട്ട് കമ്പനികളുടെ ബജറ്റിൽ ശരാശരി 19 ശതമാനം വർധന പ്രതീക്ഷിക്കുന്നതായും റിപ്പോർട്ട് പറയുന്നു.

ഏഷ്യ-പസഫിക് മേഖലയിലെ 96 ശതമാനം സ്ഥാപനങ്ങളും എഐ നിക്ഷേപം വർധിപ്പിക്കാൻ പദ്ധതിയിടുന്നതായി റിപ്പോർട്ട് പറയുന്നു. ഇതിനെത്തുടർന്ന് ശരാശരി 15 ശതമാനം വരെ ചെലവ് ഉയരുമെന്നാണ് വിലയിരുത്തൽ. ജനറേറ്റീവ് എഐ, ഏജന്റിക് എഐ, ക്ലൗഡ് എഐ സേവനങ്ങൾ, ഓൺപ്രിമൈസ് എഐ ഇൻഫ്രാസ്ട്രക്ചർ, എഐ സുരക്ഷാ ഉപകരണങ്ങൾ എന്നിവയിൽ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി റിപ്പോർട്ട് വ്യക്തമാക്കുന്നു. ഏഷ്യ-പസഫിക് മേഖലയിലെ 66 ശതമാനം സ്ഥാപനങ്ങളും ഇതിനകം ആരംഭിച്ചതിനാൽ എഐയുടെ ഉപയോഗം ഐടി വിഭാഗത്തിൽ നിന്ന് മാറി എഐ പരീക്ഷണഘട്ടത്തിലോ സിസ്റ്റമാറ്റിക് പ്രവേശനത്തിലേക്കോ മാറിയതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. ഇന്ത്യയിൽ ഇത് 59 ശതമനമാണ് കസ്റ്റമർ സർവീസ്, മാർക്കറ്റിംഗ്, ഓപ്പറേഷൻസ്, ഫിനാൻസ് എന്നിവയുൾപ്പെടെയുള്ള നിരവധി ബിസിനസ് വിഭാഗങ്ങളിൽ എഐ വ്യാപകമായി ഉപയോഗിക്കപ്പെടുന്നതായും ലെനോവ റിപ്പോർട്ട് വ്യക്തമാക്കുന്നു.

# പോലീസ് സംവിധാനത്തിൽ എ.ഐ സംയോജനം; ഇനി റിപ്പോർട്ടുകൾ സംസാരിച്ചു തയ്യാറാക്കാം

**തിരുവനന്തപുരം:** കേരള പോലിസിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ചെയ്യാനുപയോഗിക്കുന്ന ഡിജിറ്റൽ ഓഫീസ് സംവിധാനമായ ഇന്റഗ്രേറ്റഡ് കോർ പോലീസിംഗ് സിസ്റ്റത്തിൽ കേന്ദ്ര സർക്കാരിന്റെ ഭാഷാ എ.ഐ. പ്ലാറ്റ്ഫോമായ 'ഭാഷിണി' വിജയകരമായി സംയോജിപ്പിച്ചു. ഇനി മുതൽ ഉദ്യോഗസ്ഥർക്ക് റിപ്പോർട്ടുകളും ഔദ്യോഗിക രേഖകളും തയ്യാറാക്കാൻ കമ്പ്യൂട്ടറിൽ നീ സമയം ടൈപ്പ് ചെയ്യേണ്ടതില്ല, സംസാരിച്ചുകൊണ്ട് തന്നെ തത്സമയം ഔദ്യോഗിക റിപ്പോർട്ടുകൾ തയ്യാറാക്കാൻ സാധിക്കും. ഇതോടെ എഫ്.ഐ.ആർ, കേസ് ഡയറി, മൊഴികൾ എന്നിവ മൈക്രോഫോണിലൂടെ സംസാരിച്ച് വേഗത്തിൽ തയ്യാറാക്കാം. ഇംഗ്ലീഷ് അക്ഷരങ്ങളിൽ ടൈപ്പ് ചെയ്താൽ മലയാള ലിപിയിലേക്ക് മാറുന്ന ട്രാൻസ്‌ലിറ്ററേഷൻ സൗകര്യവും ലഭ്യമാണ്. വിദേശ സേവനങ്ങളെ ആശ്രയിക്കാതെ രാജ്യത്തിനകത്തെ ഇൻഫ്രാസ്ട്രക്ചറിൽ പ്രവർത്തിക്കുന്നതിനാൽ ഡാറ്റ പൂർണ്ണമായും സുരക്ഷിതമായിരിക്കും. റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുള്ള സമയം ലാഭിക്കാനും ഫീൽഡ് ഡ്യൂട്ടിയിലുള്ള ഉദ്യോഗസ്ഥർക്ക് വിവരങ്ങൾ ഉടൻ രേഖപ്പെടുത്താനും ഈ മാറ്റം സഹായിക്കും. പോലീസിനെ കൂടുതൽ സ്മാർട്ടും കാര്യക്ഷമവുമാക്കുന്നതിനുള്ള നിർണ്ണായക ചുവടുവെപ്പാണിതെന്ന് കേരള പോലീസ് അധികൃതർ വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇന്നത്തെ പരിപാടി

## കൊച്ചി

**എറണാകുളം ലേ മെറീഡിയൻ ഹോട്ടൽ:** ഗ്ലോബൽ ഗ്രാഫീൻ അന്താരാഷ്ട്ര സമ്മേളനം ഉദ്ഘാടനം നോബൽ പ്രൈസ് ജേതാവും സിംഗപ്പൂർ നാഷണൽ യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റിയൂട്ട് ഫോർ ഫംങ്ഷണൽ ഇന്റലിജന്റ് മെറ്റീരിയൽസിന്റെ ഡയറക്ടറുമായ പ്രൊഫ. കോസ്റ്റ്യ നോവോസെലോവ് രാവിലെ 9.30 ന്. കേന്ദ്ര ഇലക്ട്രോണിക്സ്, ഐടി മന്ത്രാലയം അഡീഷണൽ സെക്രട്ടറി അമിതേഷ് കുമാർ സിൻഹ മുഖ്യപ്രഭാഷണം നടത്തും.

## കളമശേരി

**കളമശ്ശേരി ജിഞ്ചർ ഹോട്ടൽ :** കേരള സർക്കാരിന്റെ പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ സിമന്റ്സ് വൈവിധ്യവത്കരണ പദ്ധതിയുടെ ഭാഗമായി പുതുതായി വികസിപ്പിച്ച 'വേമ്പനാട്' ടൈൽ അഡ്ഹസീവ്, 'വേമ്പനാട്' എൽസി3 വൈറ്റ് സിമന്റ് എന്നീ ഉത്പന്നങ്ങളുടെ സംസ്ഥാനതല ലോഞ്ചിംഗ് ഉച്ചയ്ക്ക് 12.30ന് മന്ത്രി പി രാജീവ്, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് അധ്യക്ഷത വഹിക്കും.

## ആലുവ

**രാജഗിരി ആശുപത്രി :** അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് ഗർഭസ്ഥശിശുവിന്റെ ഹൃദയാരോഗ്യം സൗജന്യപരിശോധന സ്കാനിങ് ക്യാമ്പ് രാവിലെ 10 മുതൽ.

## മൂവാറ്റുപുഴ

**രണ്ടാർകര ശിവഗിരി മഹാദേവക്ഷേത്രം :** അഷ്ടമി മഹോത്സവത്തിന്റെ ഭാഗമായി വൈകിട്ട് 6.30 മുതൽ ദീപാരാധന, ശ്രീഭൂതബലി, വിളക്കിനെഴുന്നള്ളിപ്പ്.

## കൂത്താട്ടുകുളം

**കൂത്താട്ടുകുളം ടൗൺ ഹാൾ :** ഹിന്ദു ഏകതാ സമ്മേളനം വൈകിട്ട 3ന്. സ്വാമി ചിദാനന്ദപുരി മുഖ്യ പ്രഭാഷണം നടത്തും, ശ്രീധരിയം ചീഫ് ഫിസിഷ്യൽ ഡോ. നാരയണൻ അധ്യക്ഷനാകും. സ്വാഗതസംഘം പ്രസിഡന്റ് ഷാജി കണ്ണൻ കോട്ടിൽ, ജനറൽ കൺവീനർ പി.സി അജയ്ഘോഷ്, ജനറൽ സെക്രട്ടറി കെ ഹരീഷ്, കെ എൻ രാജേഷ് എന്നിവർ സംസാരിക്കും.

# പ്രതിരോധ പരിശീലനം നൽകി



*ലോക വനിതാദിനാചരണത്തോടനുബന്ധിച്ച് ഐ.എ.പി കൊച്ചിൻ ബ്രാഞ്ചിലെ വനിതാ ഡോക്ടർമാരുടെ നേതൃത്വത്തിൽ കൊച്ചി കമ്മീഷണറേറ്റ് ഓഫ് പോലീസുമായി സഹകരിച്ച് കലൂർ ഐ.എം.എ ഹൗസിൽ വനിതകൾക്കായി നടത്തിയ സൗജന്യ പ്രതിരോധ പരിശീലന പരിപാടി.*

**കൊച്ചി:** ലോക വനിതാദിനാചരണത്തോടനുബന്ധിച്ച് ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ് (ഐ.എ.പി) കൊച്ചിൻ ബ്രാഞ്ചിലെ വനിതാ ഡോക്ടർമാരുടെ നേതൃത്വത്തിൽ കൊച്ചി കമ്മീഷണറേറ്റ് ഓഫ് പോലീസുമായി സഹകരിച്ച് വനിതകൾക്കായി സൗജന്യ പ്രതിരോധ പരിശീലന പരിപാടി സംഘടിപ്പിച്ചു. കലൂർ ഐം. എം. എ ഹൗസിൽ നടന്ന പരിശീലന പരിപാടി ഐ.എ.പി ദേശീയ വൈസ് പ്രസിഡന്റ് ഡോ. ഒ. ജോസ് ഉദ്ഘാടനം ചെയ്തു. കൊച്ചിൻ ബ്രാഞ്ച് പ്രസിഡന്റ് ഡോ. കെ.ജി വിജയൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ഡോ. സത്യജിത്ത് നായർ, ഡോ. എലിസബത്ത് തുടങ്ങിയവർ സംസാരിച്ചു. എ.എസ്.ഐമാരായ ലിസി മത്തായി, രത്ന മണി, സി.പി.ഒ മാരായ ശ്യാമ, ജാൻസി എന്നിവർ പരിശീലന പരിപാടിയ്ക്ക് നേതൃത്വം നൽകി.

# എസ്.ഐ.ആറിൽ ആശങ്കവേണ്ട; കേരളത്തിൽ ഇക്കുറി 5,000ത്തിലധികം വോട്ടിംഗ് മെഷീനുകൾ: മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണർ



**കൊച്ചി :** നിയമസഭാ തിരഞ്ഞെടുപ്പിൽ ഇക്കുറി 5,000ത്തിലധികം വോട്ടിംഗ് മെഷീനുകൾ ഉണ്ടായിരിക്കുമെന്നും എസ്. ഐ. ആറിൽ ആശങ്ക വേണ്ടെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ്കുമാർ പറഞ്ഞു. കേരളത്തിൽ നടക്കാൻ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒരുക്കങ്ങൾ വിലയിരുത്താൻ കൊച്ചിയിലെത്തിയ അദ്ദേഹം വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു. കേരളത്തിൽ നടക്കാൻ പോകുന്ന ഇലക്ഷൻ പ്രക്രിയ ലോകത്തിന് മാതൃകയാകുമെന്നും അദ്ദേഹം പറഞ്ഞു. ലോകത്തെ ഏറ്റവും വലിയ തിരഞ്ഞെടുപ്പ് പ്രക്രിയയാണ് ഇന്ത്യയിലേത്. 70 രാജ്യങ്ങളുടെ പ്രതിനിധികൾ ഇന്ത്യൻ തിരഞ്ഞെടുപ്പ് സംവിധാനം പഠിക്കാൻ ഇതുവരെ വന്നിട്ടുണ്ടെന്നും മറ്റ് രാജ്യങ്ങൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുന്നുണ്ടെന്നും മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ വ്യക്തമാക്കി. രാജ്യത്ത് ആദ്യമായി ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ ഉപയോഗിച്ചതും കേരളത്തിലാണെന്നും അദ്ദേഹം പറഞ്ഞു. ഇക്കുറി കേരളത്തിൽ 5000 അധികം പോളിംഗ് സ്റ്റേഷനുകൾ ഉണ്ടാകും. മറ്റ് നിബന്ധനകൾക്കൊപ്പം ഇക്കുറി മൊബൈൽ ഫോൺ പോളിംഗ് ബൂത്തിൽ കൊണ്ടുപോകാൻ അനുവിദിക്കില്ല. എസ്.ഐ.ആറിൽ ആർക്കും ആശങ്ക വേണ്ടെന്നും അർഹരായവർ ആരും വോട്ടർപട്ടികയിൽനിന്നും ഒഴിവാകില്ലെന്നും അദ്ദേഹം പറഞ്ഞു. എസ്.ഐ.ആർ സുതാര്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. ഇനിയും പരാതിയുള്ളവർക്ക് തിരഞ്ഞെടുപ്പ് വിജ്ഞാപനം വരുന്നതുവരെ സമയമുണ്ട്. എല്ലാ രാഷ്ട്രീയ പാർട്ടികളുമായും ആശയ വിനിമയം നടത്തിയിട്ടുണ്ടെന്നും, നിയമ സഭ തിരഞ്ഞെടുപ്പ് തിയതി നടപടി ക്രമമനുസരിച്ച് പ്രഖ്യാപിക്കുമെന്നും അദ്ദേഹം പറഞ്ഞു. വിദ്വേഷ പ്രസംഗം നിരീക്ഷിക്കാൻ സംവിധാനം ഉണ്ടാകും. ശ്രദ്ധയിൽ പെട്ടാൽ 100 മിനിറ്റിനകം നടപി എടുക്കും. എ.ഐയുടെ ദുരുപയോഗം തടയാനും നടപടി ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. വിവിധ ജില്ലാകളിൽ നിന്നും എത്തിയ ബൂത്ത് ലെവൽ ഓഫീസർമാർ, കന്നി വോട്ടർമാർ, ട്രാൻസ്ജെൻർ, ഏറ്റവും പ്രായം കൂടി വോട്ടർ എന്നിവരുമായി അദ്ദേഹം സംവദിച്ചു.

# കേരള ഗ്രാമീൺ ബാങ്ക്: വാർഷികം മാർച്ച് 15ന് കൊച്ചിയിൽ




കൊച്ചി : കേരള ഗ്രാമീൺ ബാങ്ക് സ്റ്റാഫ് അസോസിയേഷന്റെയും, ഓഫീസേഴ്സ് കോൺഗ്രസ്സിന്റെയും അഞ്ചാമത് സംസ്ഥാന സമ്മേളനം മാർച്ച് 15ന് കൊച്ചിയിൽ നടക്കും. എറണാകുളം ടൗൺ ഹാളിൽ നടക്കുന്ന സമ്മേളനം പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. രാജ്യത്ത് 28 ഗ്രാമീണ ബാങ്കുകളാണുള്ളത്. ഇതിൽ കേരള ഗ്രാമീൺ ബാങ്ക് ഉൾപ്പെടെ മൂന്ന് മുൻനിര ഗ്രാമീൺ ബാങ്കുകളുടെ ഓഹരി ലിസ്റ്റുചെയ്യാനുള്ള നടപടികൾ കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്നുവെന്നും ഇത് അംഗീകരിക്കാൻ കഴിയില്ലെന്നും കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ നേതാക്കൾ പറഞ്ഞു.

ഗ്രാമീണ ബാങ്കുകൾ രൂപീകരിച്ചിരിക്കുന്നത് തന്നെ ഗ്രാമ പ്രദേശങ്ങളിലെ ജനങ്ങൾളുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റാനാണ്. ഓപ്പൺ മാർക്കറ്റിൽ ലിസ്റ്റ് ചെയ്ത് വാണിജ്യവൽകരിച്ചാൽ ഗ്രാമീണ ബാങ്കിങ് സംവിധാനം തന്നെ തകരുമെന്നും നേതാക്കൾ പറഞ്ഞു. ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ 700 ഒഴിവുകൾ ഉണ്ടെങ്കിലും ഇവ നികത്തിയിട്ടില്ല. താൽകാലിക തസ്തികയിൽ 28 വർഷമായി ജോലിചെയ്യുന്നവരും ഉണ്ടെന്നും, ഇപ്രകാരമുള്ള തൊഴിൽ ചൂഷണം അവസാനിപ്പിക്കണം എന്നും ഇരുയൂണിയനകളുടെയും കൺവീനർ ടി.സോമൻ, കെ.ജി.ബി.എസ്.എ ജനറൽ സെക്രട്ടറി എ.ആർ.അബിജിത്ത്, കെ.ജി.ബി.ഒ.സി ജനറൽ സെക്രട്ടറി പി.ജയകൃഷ്ണൻ, പി.ശരത്ത്, ഹരിശ്യാം, ജെറിൻ മാനുവൽ എന്നിവർ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു.

# ലയൺസ് കേരള കോളജ് പ്രീമിയർ ടി20 ലീഗ്




**കൊച്ചി :** ലയൺസ് ഇന്റർനാഷണൽ മൾട്ടിപ്പിൾ ഡിസ്ട്രിക്ട് 318ന്റെ ആഭിമുഖ്യത്തിൽ ഏഴാമത് കോളജ് ടി20 ക്രിക്കറ്റ് പ്രീമിയർ ലീഗ് മാർച്ച് ഒമ്പതിന് അങ്കമാലിയിൽ തുടക്കമാകും. കേരള ക്രിക്കറ്റ് അസോസിയേഷന്റെ യൂത്ത് ക്രിക്കറ്റ് ടാലന്റ് സേർച്ചിന്റെ ഭാഗമായാണ് മെഗാ ടൂർണമെന്റ് സംഘടിപ്പിക്കുന്നത്. ഇക്കുറി കേരളത്തിലെ 10 സർവ്വകലാശാലകളുടെ കീഴിലുള്ള 60 കോളജുകളിൽ നിന്നായി തൊള്ളായിരം കുട്ടിൾ 35 ദിവസം നീണ്ടുനിൽക്കുന്ന ടൂർമെന്റിൽ മാറ്റുരയ്ക്കും. സൗത്ത്, സെൻട്രൽ, നോർത്ത് എന്നിങ്ങനെ മൂന്ന് സോണുകളായി തിരിച്ചിട്ടുള്ള ടൂർണ്ണമെന്റിന്റെ ഉദ്ഘാടന മത്സരങ്ങൾ അങ്കമാലി ഫിസാറ്റ് കോളജ് ഗ്രൗണ്ടിലും, കറുകുറ്റി ബിസിജി ഗ്രൗണ്ടിലുമാണ് നടക്കുക. സൗത്ത്, നോർത്ത് സോണുകളുടെ മത്സരങ്ങൾ കെ.സി.എയുടെ കീഴിലുള്ള ഗ്രൗണ്ടുകളിലാണ് നടക്കുക. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി മദ്യത്തിനും മയക്കുമരുന്നിനും എതിരെ യുവതലമുറയെ അണിനിരത്തുക എന്ന വലിയ സാമൂഹിക ലക്ഷ്യത്തോടെയാണ് ലയൺസ് ക്ലബ് ഇന്റർനാഷണൽ സ്പോർട്സ് എക്സോട്ടക്കയുടെ സഹകരണത്തോടെയാണ് ടൂർണമെന്റുകൾ സംഘടിപ്പിക്കുന്നതെന്ന് എറണാകുളം പ്രസ്സ് ക്ലബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ ഭാരവാഹികളായ രാജൻ നമ്പൂതിരി, ജയിംസ് പോൾ വളപ്പില, ഗോപകുമാർ മേനോൻ, ഷൈൻ കുമാർ, രാജു മാത്യു, ജ്യോതിഷ് പ്രകാശ് എന്നിവർ പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ചെല്ലാനത്ത് 751 കോടിയുടെ തീരസംരക്ഷണ പദ്ധതി; ഒന്നാംഘട്ടം നാടിന് സമർപ്പിച്ചു; രണ്ടാം ഘട്ടത്തിന് തുടക്കം

**കൊച്ചി:** നവകേരളം കേവലം ഒരു സങ്കൽപ്പമല്ല, എല്ലാ പ്രദേശങ്ങളിലും വികസനത്തിന്റെ സ്പർശം എത്തുമ്പോഴും ഓരോ മനുഷ്യരും വികസനത്തിന്റെ സ്വാദ് അറിയുമ്പോഴുമാണ് ഇത് യാഥാർത്ഥ്യമാകുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ചെല്ലാനം ടെട്രാപോഡ് തീരസംരക്ഷണ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ പൂർത്തീകരണ പ്രഖ്യാപനവും രണ്ടാംഘട്ടത്തിലെ നിർമ്മാണ ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. നവകേരളം എന്ന ആശയം പൂർണമായും യാഥാർത്ഥ്യമാക്കാനാണ് സർക്കാർ വിവിധ പദ്ധതികളിലൂടെ ലക്ഷ്യം ഇടുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഒരു കാലത്ത് വലിയ തോതിൽ വിഷമകരമായ സാഹചര്യം നേരിട്ട പ്രദേശമായിരുന്നു ചെല്ലാനം. സംസ്ഥാനത്തെ തീരദേശത്തെ പത്ത് പ്രധാന 'ഹോട്ട് സ്പോട്ടുകളിൽ' ഒന്നായി ചെല്ലാനത്തെ അടയാളപ്പെടുത്തിയിരുന്നു. ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ച് 6.1 മീറ്റർ ഉയരത്തിൽ കടൽഭിത്തി നിർമ്മിക്കാനാണ് സർക്കാർ തീരുമാനിച്ചത്. ഇതിന്റെ ആദ്യഘട്ടമായി 7.3 കിലോമീറ്റർ നീളത്തിൽ കടൽഭിത്തിയും ആറ് പുലിമുട്ടുകളും 6.64 കിലോമീറ്റർ നീളത്തിൽ നടപ്പാതയും പൂർത്തിയാക്കി. 8 ലക്ഷം മെട്രിക് ടൺ കരിങ്കല്ലും 1.5 ലക്ഷത്തോളം ടെട്രാപോഡുകളുമാണ് ഇതിനായി ഉപയോഗിച്ചത്.



പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുത്തൻതോട് മുതൽ മാനാശ്ശേരി ഫിഷിംഗ് ഗ്യാപ്പ് വരെയുള്ള 6.1 കിലോമീറ്റർ ഭാഗമാണ് സംരക്ഷിക്കുന്നത്. ഒരു ലക്ഷത്തിലധികം ടെട്രാപോഡുകൾ ഇതിനായി വിന്യസിക്കും. 347 കോടി രൂപ ചെലവഴിച്ചാണ് ആദ്യഘട്ടം പൂർത്തിയാക്കിയത്. 404 കോടി രൂപയാണ് രാംഘട്ടത്തിനായി വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതി കൂടി പൂർത്തിയാകുന്നതോടെ ചെല്ലാനം തീരത്ത് കടൽക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളിൽ വലിയ കുറവുണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ചെല്ലാനം പുത്തൻതോട് ബീച്ചിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷനായി. വ്യവസായ നിയമ വകുപ്പ് മന്ത്രി പി. രാജീവ്, കെ. ജെ മാക്സി എം. എൽ. എ, സംസ്ഥാന സർക്കാരിന്റെ ഡൽഹിയിലെ പ്രതിനിധി പ്രൊഫ കെ. വി തോമസ്, കൊച്ചി മെത്രാൻ ആന്റണി കാട്ടിപ്പറമ്പിൽ, ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെസ്സി അഗസ്റ്റിൻ, മുൻ എം.എൽ.എ ജോൺ ഫെർണാസ്, കിഫ്ബി സി. ഇ. ഒ കെ. എം എബ്രഹാം, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ഷൻ സി. ഇ. ഒ എസ്. തിലകൻ, ജനപ്രതിനിധികൾ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയ പ്രമുഖർ തുടങ്ങിയവർ പങ്കെടുത്തു.

# വിഴിഞ്ഞത്ത് സ്വകാര്യ വ്യവസായ പാർക്കിന് പ്രത്യേക പാക്കേജ്: മന്ത്രി പി. രാജീവ്

**കൊച്ചി:** വിഴിഞ്ഞത്തിന്റെ നിശ്ചിത ചുറ്റളവിൽ സ്വകാര്യ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് സർക്കാർ പ്രത്യേക പാക്കേജ് നൽകുമെന്ന് നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി പി. രാജീവ് പ്രഖ്യാപിച്ചു. സംസ്ഥാന സർക്കാരിന്റെ വാണിജ്യ വ്യവസായ വകുപ്പ് ഡയറക്ടറേറ്റും കെബിപ്പും സംയുക്തമായി സംഘടിപ്പിച്ച സ്വകാര്യ വ്യവസായ പാർക്ക് ഡെവലപ്പേഴ്സ് കോൺക്ലേവ് ഉത്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ഫാസ്റ്റ് ട്രാക്കിൽ അനുമതി നൽകി കൂടുതൽ ആനുകൂല്യങ്ങൾ നൽകിയാകും പാക്കേജ് നടപ്പാക്കുക.സ്വകാര്യ വ്യവസായ പാർക്കുകൾ തുടങ്ങുന്നവർക്ക് കെഎസ് ഐഡിസിയുടെ പ്രത്യേക ലോൺ സംവിധാനം ആവിഷ്കരിച്ച് വരികയാണെന്നും മന്ത്രി വ്യക്തമാക്കി. വിദേശത്ത് നിന്ന് വരുന്ന എൻആർഐകൾക്ക് വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമെന്നും മന്ത്രി അറിയിച്ചു .സംസ്ഥാനത്ത് വ്യവസായ പാർക്കുകൾ ആരംഭിച്ചവർക്കുള്ള ഡെവലപ്പർ പെർമിറ്റ് ചടങ്ങിൽ വിതരണം ചെയ്തു. കേരളത്തിന്റെ ഭൂമിശാസ്ത്രത്തിന്റെ പ്രത്യേകത, ഉയർന്ന ജനസാന്ദ്രത, ഉയർന്ന ഭൂമി വില, അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്നീ പരിമിതികൾ പരിഹരിക്കുന്നതിനായാണ് വ്യവസായ വാണിജ്യ വകുപ്പ് സ്വകാര്യ വ്യവസായ പാർക്ക് എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഈ പദ്ധതി പ്രകാരം 50 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുക എന്നതായിരുന്നു സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. നിലവിൽ 51 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്, ഇതിൽ 10 സ്വകാര്യ വ്യവസായ പാർക്കുകൾ പ്രവർത്തനം ആരംഭിച്ചു.

എല്ലാ വ്യവസായ പാർക്കുകളും പ്രവർത്തനക്ഷമമാകുമ്പോൾ സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ വലിയ മുന്നേറ്റമാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ വാണിജ്യ വ്യവസായ വകുപ്പ് ഡയറക്ടറേറ്റും കെബിപ്പും സംയുക്തമായി സംഘടിപ്പിച്ച കോൺക്ലേവിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ പി. വിഷ്ണുരാജ് ഐഎഎസ് ആമുഖ പ്രഭാഷണവും വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് മുഖ്യ പ്രഭാഷണവും നടത്തി. ആലുവ മുനിസിപാലിറ്റി ചെയർപേഴ്സൺ സൈജി ജോളി, കൗൺസിലർ ശ്യാം പത്മനാഭൻ, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, കെബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂരജ് എസ്, കേരള സിഡ്കോ മാനേജിംഗ് ഡയറക്ടർ ആർ. ജയശങ്കർ, ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് അഡീഷണൽ ഡയറക്ടർ രാജീവ് ജി, ഇൻഡസ്ട്രീസ് ആന്റ് കൊമേഴ്സ് അഡീഷണൽ ഡയറക്ടർ സിമി സി.എസ്, കെഎസ്എസ്ഐഎ പ്രസിഡന്റ് എ. നിസാറുദ്ദീൻ, കേരള അസോസിയേഷൻ ഓഫ് പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പ്രതിനിധി രവി ഇക്കൽ എന്നിവർ സംസാരിച്ചു. വ്യവസായ കേരളം മാസികയുടെ 100 ാം പതിപ്പിന്റെ പ്രകാശനവും ചടങ്ങിൽ നടന്നു.

## കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ: സേവനങ്ങൾ 16 മുതൽ പുതിയ കെട്ടിടത്തിൽ

**കൊച്ചി:** മാർച്ച് 16 മുതൽ കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ പുതിയ കെട്ടിടത്തിൽ ഒ.പി.ഡി, കീമോതെറാപ്പി, ഫാർമസി എന്നീ സേവനങ്ങൾ ആരംഭിക്കും. പഴയ കെട്ടിടത്തിൽ നിന്ന് നിലവിലുള്ള സംവിധാനം മാറ്റി സ്ഥാപിക്കുന്നതിന്റെ ഭാഗമായി മാർച്ച് 11 മുതൽ 14 വരെ പ്രസ്തുത സേവനങ്ങൾ സി.സി.ആർ.സിയിൽ ലഭ്യമാകുന്നതല്ല. ശസ്ത്രക്രിയ, തീവ്രപരിചരണം, കിടത്തി ചികിത്സാ വിഭാഗങ്ങൾ എന്നിവ നിലവിലുള്ളതുപോലെ പ്രവർത്തിക്കുന്നതാണ്.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കൊച്ചി അർബൻ 1 ഐസിഡിഎസ് പ്രോജക്ട് ഓഫീസിനു കീഴിലെ അങ്കണവാടികളിലേക്ക് ആവശ്യമായ പ്രീകിറ്റുകൾ വിതരണം ചെയ്യുവാൻ താൽപര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ടെൻഡറുകൾ ക്ഷണിക്കുന്നു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി മാർച്ച് 11. ഫോൺ 0484– 2227284.

# വനിതാ ദിനം ആഘോഷിച്ചു

**കൊച്ചി:** ഒസാക്കയുടെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച ലോക വനിതാ ദിനാഘോഷം അന്താരാഷ്ട്ര വെയ്റ്റ് ലിഫ്റ്റിംഗ് ചാമ്പ്യൻ ലിബാസ് ബാവ ഉദ്ഘാടനം ചെയ്തു. ഒസാക്ക ചെയർമാൻ പി.ബി ബോസ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.

അവസരവും ആത്മവിശ്വാസവും നൽകി സ്ത്രീയെ ശാക്തീകരിക്കുമ്പോൾ കുടുംബവും സമൂഹവും ശക്തിപ്രാപിക്കുമെന്നും അത് രാജ്യത്തിന്റെ വളർച്ചയ്ക്ക് വഴി തെളിയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു. ചേർത്തല എൻ.എസ്.എസ് കോളജ് അസോസ്സിയേറ്റ് പ്രൊഫസർ ഡോ.എം. എൻ അത്തീന മുഖ്യപ്രഭാഷണം നടത്തി. ഒസാഖ ഡയറക്ടർ ഡോ. ബിസി ബോസ് അധ്യക്ഷത വഹിച്ചു. ബെൻസി, ജിനോ തുടങ്ങിയവർ സംസാരിച്ചു.




*ഒസാക്കയുടെ നേതൃത്വത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ച ലോക വനിതാ ദിനാഘോഷം അന്താരാഷ്ട്ര വെയ്റ്റ്ലിഫ്റ്റിംഗ് ചാമ്പ്യൻ ലിബാസ് ബാവ ഉദ്ഘാടനം ചെയ്യുന്നു. ഡോ. ബിസി ബോസ്, പ്രൊഫസർ ഡോ.എം. എൻ അത്തീന, പി.ബി ബോസ, ബെൻസി, ജിനോ തുടങ്ങിയവർ സമീപം*

# കൊച്ചി വിമാനത്താവളത്തിൽ 'ഡെമോക്രസി ഇൻസ്റ്റലേഷൻ'

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ടർമാരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഒരുക്കിയ 'എ ട്രൈബ്യൂട്ട് ടു ഡെമോക്രസി' എന്ന ശിൽപ ഇൻസ്റ്റലേഷൻ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാർ അനാവരണം ചെയ്തു. തിരഞ്ഞെടുപ്പ് കമ്മീഷണർമാരായ ഡോ. സുഖ്ബീർ സിംഗ് സന്ധു, ഡോ. വിവേക് ജോഷി എന്നിവരും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു.

തിരഞ്ഞെടുപ്പ് കമ്മീഷന്റെ 'സ്വീപ്' (സിസ്റ്റമാറ്റിക് വോട്ടേഴ്സ് എജുക്കേഷൻ ആൻഡ് ഇലക്ട്രോറൽ പാർട്ടിസിപ്പേഷൻ) പദ്ധതിയുടെ ഭാഗമായാണ് ഇൻസ്റ്റലേഷൻ ഒരുക്കിയിരിക്കുന്നത്. ജനാധിപത്യ പ്രക്രിയയിൽ വോട്ടിംഗിന്റെ പ്രാധാന്യത്തെക്കുറിച്ച് പൗരന്മാരിൽ അവബോധം സൃഷ്ടിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ആഭ്യന്തര ടെർമിനലിൽ സ്ഥാപിച്ചിട്ടുള്ള ഈ കലാരൂപം യാത്രക്കാരിലും സന്ദർശകരിലും ഓരോ വോട്ടും വിലപ്പെട്ടതാണെന്ന സന്ദേശം എത്തിക്കും.

സംസ്ഥാന മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ, ജില്ലാ കളക്ടർ ജി. പ്രിയങ്ക ,സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു. കേരള സന്ദർശനം പൂർത്തിയാക്കിയ ശേഷം മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ന്യൂഡൽഹിയിലേക്ക് മടങ്ങി.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇ–കൊമേഴ്സ് വളർച്ചയും ഡ്രസ് റീട്ടെയിൽ മേഖലയിലെ സ്വാധീനവും

ഇ.വി ആവണി

**ഒ**രു കാലത്ത് ഷോപ്പിംഗ് എന്നത് സമയം ചെലവഴിച്ച് ചെയ്യേണ്ട ഒരു കാര്യമായിരുന്നു. ഒരു ഡ്രസ് വാങ്ങാൻ ആളുകൾ നിരവധി കടകളിൽ കയറി ഇറങ്ങി വിവിധ വസ്ത്രങ്ങൾ നോക്കുകയും, കൈയിൽ എടുത്തു പരിശോധിക്കുകയും, ചിലത് പരീക്ഷിച്ചും ധരിച്ചും നോക്കുകയും ചെയ്തിരുന്നു. ട്രയൽ റൂമിൽ കയറി വസ്ത്രം ധരിച്ച് അതിന്റെ കംഫർട്ടും അനുയോജ്യമായതുമാണോ എന്ന് പരിശോധിക്കുന്നത് പതിവായിരുന്നു. അതുപോലെ തന്നെ, സ്വന്തം സ്കിൻ ടോണിനും ശരീര ഘടനയ്ക്കും ഡ്രസ്സിന്റെ നിറവും ഡിസൈനും ചേരുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ സമയം എടുത്തിരുന്നു. കൂടെ വന്ന സുഹൃത്തുക്കളുടെയും ബന്ധുക്കളുടെയും അഭിപ്രായം ചോദിക്കുകയും, കടയിലെ സ്റ്റാഫുകൾ പറയുന്ന നിർദ്ദേശങ്ങളും പലപ്പോഴും തീരുമാനത്തെ സ്വാധീനിക്കുകയും ചെയ്തിരുന്നു. പല കടകളിലും കയറി ഇറങ്ങി ഒടുവിൽ ഇഷ്ടപ്പെട്ട ഒരു ഡ്രസ് തിരഞ്ഞെടുക്കാൻ ചിലപ്പോൾ ഒന്നോ രണ്ടോ മണിക്കൂറിൽ കൂടുതലായി സമയം ചെലവഴിക്കേണ്ടി വരുമായിരുന്നു.

എന്നാൽ കോവിഡ്–19 ലോക്ക്ഡൗൺ കാലഘട്ടത്തിന് ശേഷം ഈ രീതിയ്ക്ക് വലിയ മാറ്റമാണ് സംഭവിച്ചത്. ഇന്ന് മൊബൈൽ ഫോണിൽ രണ്ട് ടാപ്പ് മതി ഇഷ്ടമുള്ള വസ്ത്രം വീട്ടിലെത്താൻ. ഈ വലിയ മാറ്റത്തിന് പിന്നിൽ പ്രവർത്തിക്കുന്ന പ്രധാന ശക്തിയാണ് ഇ–കൊമേഴ്സ്. പ്രത്യേകിച്ച് ഡ്രസ് റീട്ടെയിൽ മേഖലയിലാണ് ഇ–കൊമേഴ്സ് വലിയ സ്വാധീനം ചെലുത്തിയത്. ഓൺലൈൻ പ്ലാറ്റ്ഫോമുകളുടെ സഹായത്തോടെ ഫാഷൻ വ്യവസായം കൂടുതൽ വ്യാപകമായ വിപണിയിലേക്ക് എത്താൻ തുടങ്ങി. ഉപഭോക്താക്കൾക്ക് ഒരേ സ്ഥലത്ത് നിന്ന് തന്നെ അനവധി കളക്ഷനുകൾ കാണാനും താരതമ്യം ചെയ്യാനും കഴിയുന്ന സാഹചര്യം ഇതിലൂടെ ഉണ്ടായി. കൂടാതെ മത്സരാധിഷ്ഠിതമായ വിലയും, വിവിധ ഓഫറുകളും, ഡിസ്കൗണ്ടുകളും എന്നിവ ഉപഭോക്താക്കളെ കൂടുതൽ ആകർഷിക്കാൻ തുടങ്ങി.

ഇ–കൊമേഴ്സ് വളർന്നതോടെ യുവജനങ്ങളുടെ ഫാഷൻ തിരഞ്ഞെടുപ്പിലും വലിയ മാറ്റം സംഭവിച്ചു. കോവിഡ് കാലത്ത് ആളുകളുടെ ഓൺലൈൻ സാന്നിധ്യം വർധിച്ചതോടെ ഓൺലൈൻ ഷോപ്പിംഗ് കൂടുതൽ സാധാരണമാവുകയും ചെയ്തു. അതോടൊപ്പം ചെറുകിട ബിസിനസുകൾക്കും അവരുടെ ഉൽപ്പന്നങ്ങൾ വലിയ വിപണിയിൽ അവതരിപ്പിക്കാൻ അവസരം ലഭിച്ചു. ലോക്കൽ ഫാഷൻ ബ്രാൻഡുകൾക്കും പ്രാദേശിക ഡിസൈനുകൾക്കും കൂടുതൽ ജനപ്രീതി നേടാൻ ഇ–കൊമേഴ്സ് സഹായകരമായി മാറി.




## ഫാഷൻ രംഗത്ത് ഇ–കൊമേഴ്സിന്റെ വളർച്ച

ഇന്ത്യയിൽ ഫാഷൻ വ്യവസായം കഴിഞ്ഞ കുറച്ച് വർഷങ്ങളായി വലിയ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിക്കുന്നത്. ഈ വളർച്ചയ്ക്ക് പ്രധാനമായും ഇ–കൊമേഴ്സ് മേഖലയാണ് ശക്തമായ പിന്തുണ നൽകുന്നത്. സ്മാർട്ട്ഫോണുകളുടെ വ്യാപകമായ ഉപയോഗവും ഉയർന്ന വേഗതയുള്ള ഇന്റർനെറ്റ് സൗകര്യവും ഓൺലൈൻ ഷോപ്പിങ്ങിനെ ജനപ്രിയമാക്കാൻ സഹായിച്ചു. കോവിഡ്–19 പോലുള്ള സാഹചര്യങ്ങളും ആളുകളെ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് കൂടുതൽ ആകർഷിച്ചു.

മിന്ത്ര, അജിയോ, ഷീൻ, മീഷോ തുടങ്ങിയ പ്ലാറ്റ്ഫോമുകളാണ് ഇന്ന് ഉപഭോക്താക്കൾ കൂടുതൽ ആശ്രയിക്കുന്നത്. ഏത് സമയത്തും എവിടെ നിന്നും ഉപഭോക്താക്കൾക്ക് അവരുടെ ഇഷ്ടത്തിനും ആവശ്യത്തിനും അനുയോജ്യമായ വസ്ത്രങ്ങൾ ഓർഡർ ചെയ്യാൻ കഴിയും എന്നതാണ് ഇതിന്റെ പ്രധാന സവിശേഷത. വിവിധ നഗരങ്ങളിലെയും രാജ്യങ്ങളിലെയും ഫാഷൻ ട്രെൻഡുകൾ ഒരേ പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്നത് ഉപഭോക്താക്കൾക്ക് കൂടുതൽ തിരഞ്ഞെടുക്കാനുള്ള അവസരം നൽകുന്നു.

ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ സാധാരണയായി എസ് (Small), എം (Medium), എൽ (Large), എക്സ്എൽ (Extra Large), എക്സ്എക്സ്എൽ (XXL), എക്സ്എക്സ്എസ് (XXS) എന്നീ വിവിധ സൈസുകളിൽ വസ്ത്രങ്ങൾ ലഭ്യമാണ്. ഉപഭോക്താവ് വാങ്ങാൻ ആഗ്രഹിക്കുന്ന വസ്ത്രത്തിന്റെ പേര് സേർച്ച് ബാറിൽ നൽകുമ്പോൾ പല നിറങ്ങളിലും സൈസുകളിലും വിലകളിലും ഉള്ള നിരവധി ഓപ്ഷനുകൾ കാണാൻ കഴിയും. ഇഷ്ടപ്പെട്ട വസ്ത്രം തിരഞ്ഞെടുക്കുകയും വിലാസം നൽകുകയും ചെയ്താൽ അത് നേരിട്ട് വീട്ടിലെത്തും.




ഇതിനോടൊപ്പം ഡിസ്കൗണ്ടുകളും സീസണൽ സെയിലുകളും ഉപഭോക്താക്കളെ കൂടുതൽ ആകർഷിക്കുന്നു. 360°ഫോട്ടോകൾ, പ്രൊഡക്ട് വീഡിയോകൾ, സൈസ് ഗൈഡുകൾ, ഉപഭോക്തൃ റിവ്യൂകൾ എന്നിവ ലഭ്യമാകുന്നതും ഓൺലൈൻ ഷോപ്പിംഗിനുള്ള വിശ്വാസം വർധിപ്പിക്കുന്നു. കൂടാതെ റിട്ടേൺ സംവിധാനവും ഉപഭോക്താക്കളെ കൂടുതൽ ആത്മവിശ്വാസത്തോടെ വാങ്ങാനുള്ള തീരുമാനമെടുക്കാൻ സഹായിക്കുന്നു.

പുതിയ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ഈ മേഖല ഇപ്പോൾ കൂടുതൽ പുരോഗമിക്കുകയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), ഓഗ്മെന്റഡ് റിയാലിറ്റി (AR), വെർച്വൽ ട്രൈ-ഓൺ (VR) ടൂളുകൾ എന്നിവ ഉപഭോക്താക്കൾക്ക് ഓൺലൈനായി വസ്ത്രങ്ങൾ പരീക്ഷിക്കുന്ന അനുഭവം നൽകാൻ സഹായിക്കുന്നു. ഇൻഫൽവൻസർ മാർക്കറ്റിംഗ്, സോഷ്യൽ മീഡിയ പ്രമോഷൻ എന്നിവയും ഫാഷൻ ഇ–കൊമേഴ്സിന്റെ വളർച്ചയിൽ വലിയ പങ്ക് വഹിക്കുന്നു. ആമസോൺ, മിന്ത്ര, അജിയോ തുടങ്ങിയ വലിയ പ്ലാറ്റ്ഫോമുകൾ വേഗതയുള്ള ഡെലിവറി സംവിധാനവും വിപുലമായ മാർക്കറ്റിംഗ് തന്ത്രങ്ങളും ഉപയോഗിച്ച് ഫാഷൻ വിപണിയെ രാജ്യവ്യാപകമായി വ്യാപിപ്പിച്ചിരിക്കുകയാണ്.

## ഡ്രസ് വിൽപ്പനയിൽ ഉണ്ടായ മാറ്റങ്ങൾ

ഇ–കൊമേഴ്സ് വരവോടെ ഡ്രസ് വിൽപ്പന രീതിയിൽ നിരവധി മാറ്റങ്ങൾ സംഭവിച്ചു. മുൻപ് ഒരു ബ്രാൻഡിന് കടയുള്ള സ്ഥലങ്ങളിലാണ് വിൽപ്പന പരിമിതമായിരുന്നത്. എന്നാൽ ഇന്ന് ഒരു ഫിസിക്കൽ സ്റ്റോർ ഇല്ലെങ്കിലും ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി രാജ്യത്തുടനീളം ഉൽപ്പന്നങ്ങൾ വിൽക്കാൻ കഴിയും. ഇന്ത്യയിലെ പല ബ്രാൻഡുകളും ഇന്ന് ഗൾഫ് രാജ്യങ്ങളിലേക്കും യൂറോപ്യൻ വിപണികളിലേക്കും വരെ ഓർഡറുകൾ സ്വീകരിക്കുന്നു.

ഓൺലൈൻ ഷോപ്പിംഗ് ഉപഭോക്താക്കൾക്ക് വലിയ സൗകര്യമാണ് നൽകുന്നത്. എപ്പോഴും എവിടെ നിന്നും വസ്ത്രങ്ങൾ ബ്രൗസ് ചെയ്യാനും തിരഞ്ഞെടുക്കാനും കഴിയും. കൂടാതെ എഐ അടിസ്ഥാനമാക്കിയ നിർദേശങ്ങൾ ഉപഭോക്താക്കളുടെ മുൻപത്തെ തിരഞ്ഞെടുപ്പുകൾ പഠിച്ച് അവരുടെ സ്റ്റൈലിനും രുചിക്കും അനുയോജ്യമായ ഡ്രസുകൾ നിർദേശിക്കുന്നു.

മത്സരാധിഷ്ഠിതമായ വിലയും ഇ–കൊമേഴ്സിന്റെ മറ്റൊരു പ്രധാന ആകർഷണമാണ്. സെയിൽ ഫെസ്റ്റിവലുകൾ, സ്റ്റോക്ക് ക്ലിയറൻസ് ഓഫറുകൾ, കൂപ്പണുകൾ, ക്യാഷ്ബാക്കുകൾ തുടങ്ങിയവ ഉപഭോക്താക്കളെ വാങ്ങാൻ പ്രേരിപ്പിക്കുന്നു.

ഡാറ്റയെ അടിസ്ഥാനമാക്കി ഫാഷൻ തീരുമാനങ്ങൾ എടുക്കുന്നതും ഇ–കൊമേഴ്സിന്റെ പ്രത്യേകതയാണ്. ഉപഭോക്താക്കൾ ഏത് നിറത്തിലുള്ള വസ്ത്രങ്ങളാണ് കൂടുതൽ കാണുന്നത്, ഏത് ഡിസൈനുകളാണ് കൂടുതൽ കാർട്ടിൽ ചേർക്കുന്നത് തുടങ്ങിയ വിവരങ്ങൾ പഠിച്ച് ബ്രാൻഡുകൾ അവരുടെ സ്റ്റോക്കും പുതിയ ഡിസൈനുകളും തീരുമാനിക്കുന്നു.

## ഇ–കൊമേഴ്സ് മേഖലയിലെ വെല്ലുവിളികൾ

ഇ–കൊമേഴ്സ് മേഖലയ്ക്ക് ചില വെല്ലുവിളികളും നിലനിൽക്കുന്നു. കടുത്ത മത്സരം, ലോജിസ്റ്റിക് പ്രശ്നങ്ങൾ, ഉയർന്ന റിട്ടേൺ നിരക്ക്, ക്യാഷ് ഓൺ ഡെലിവറിയോടുള്ള ഉപഭോക്താക്കളുടെ മുൻഗണന എന്നിവ വ്യാപാരികൾക്ക് വെല്ലുവിളികളായി മാറുന്നു.

കൂടാതെ പേയ്മെന്റ് സുരക്ഷ, ഓൺലൈൻ തട്ടിപ്പുകൾ, ഉപഭോക്താക്കളുടെ വിശ്വാസം നേടൽ സൈസ് പ്രശ്നങ്ങൾ കാരണം ഉയർന്ന റിട്ടേൺ നിരക്ക്, ഫാസ്റ്റ് ഫാഷൻ ബ്രാൻഡുകളുടെ കടുത്ത മത്സരം, ലോജിസ്റ്റിക് ചെലവുകൾ, ഉൽപ്പന്ന ഗുണനിലവാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയെല്ലാം ഈ മേഖലയിലെ പ്രധാന ആശങ്കകളാണ്.



# പുതിയ നാഴികക്കല്ലുമായി ഐസിഎൽ ഫിൻകോർപ്പ് ; പാട്നയിൽ റീജിയണൽ ഓഫീസും ബ്രാഞ്ചുകളും തുറന്നു

**പാട്ന:** വളർച്ചയുടെ പുതിയ നാഴികക്കല്ല് പിന്നിട്ട് ഐസിഎൽ ഫിൻകോർപ്പ്. ബീഹാറിലെ പാട്നയിൽ റീജിയണൽ ഓഫീസും മൂന്ന് പുതിയ ബ്രാഞ്ചുകളും ഉദ്ഘാടനം ചെയ്തു. പാട്നയിലെ ചിത്രഗുപ്ത നഗറിലെ കങ്കർബാഗിൽ, രാജേന്ദ്ര നഗർ ടെർമിനലിന് എതിർവശം, ഓൾഡ് ബൈപാസ് റോഡിലാണ് റീജ്യണൽ ഓഫീസ്. രാജേന്ദ്ര നഗർ, മെയിൻപുറ, ദാനാപൂർ എന്നിവിടങ്ങളിലാണ് പുതിയ ബ്രാഞ്ചുകൾ തുറന്നത്. പാട്നയിലെ ബുദ്ധ് മാർഗിലുള്ള താജ് സിറ്റി സെന്ററിൽ നടന്ന സമ്മേളനത്തിൽ കേന്ദ്രമന്ത്രി ജിതൻ റാം മാഞ്ചി ഉദ്ഘാടനം നിർവ്വഹിച്ചു. ഋതുരാജ് കുമാർ എം.എൽ.എ ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.

എൽ.എ.സി.ടി.സി ഗുഡ് വിൽ അംബാസിഡറും ഐസിഎൽ ഫിൻകോർപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അഡ്വ. കെ. ജി. അനിൽകുമാർ അധ്യക്ഷത വഹിച്ചു. ഐസിഎൽ ഫിൻകോർപ്പ് സി.ഇ.ഒ ഉമ അനിൽകുമാർ നിലവിളക്ക് കൊളുത്തി.

എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. രാജശ്രീ അജിത്, ഓപ്പറേഷൻസ് ആന്റ് ഡെവലപ്മെന്റ് എ.ജി.എം കെ.പി സതീശൻ തുടങ്ങിയവർ പ്രസംഗിച്ചു. ബീഹാറിലെ ഐസിഎൽ ഫിൻകോർപ്പിന്റെ പ്രധാന പ്രവർത്തന കേന്ദ്രമായ പാട്നയിലെ പുതിയ റീജിയണൽ ഓഫീസ് നഗരത്തിന്റെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിനൊപ്പം പുതിയ ബ്രാഞ്ചുകളിലൂടെ ഉപഭോക്താക്കൾക്ക് കൂടുതൽ വേഗത്തിലും വ്യക്തിഗതമായും സേവനങ്ങൾ ലഭ്യമാക്കാൻ സാധിക്കുമെന്ന് എസിഎൽ ഫിൻകോർപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ അഡ്വ. കെ. ജി. അനിൽകുമാർ, സി.ഇ.ഒ ഉമ അനിൽകുമാർ എന്നിവർ പറഞ്ഞു. ഇന്ത്യയിലുടനീളം സുതാര്യവും ഉപഭോക്തൃകേന്ദ്രിതവുമായ ധനകാര്യ സേവനങ്ങളിലൂടെ സാമ്പത്തിക സൗകര്യങ്ങൾ ജനങ്ങളോട് അടുപ്പിക്കാനുള്ള കമ്പനിയുടെ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ വിപുലീകരണം. നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയായ ഐസിഎൽ ഫിൻകോർപ്പ്, 9% വാർഷിക പലിശ നിരക്കിൽ ഗോൾഡ് ലോൺ ഉൾപ്പെടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി വൈവിധ്യമാർന്ന ധനകാര്യ സേവനങ്ങൾ നൽകുന്നു. കഴിഞ്ഞ മൂന്ന് ദശാബ്ദത്തുനുള്ളിൽ, ഇന്ത്യയുടനീളം 2000ത്തിലധികം ജീവനക്കാരും 300ലധികം ബ്രാഞ്ചുകളും 35 ലക്ഷത്തിലധികം ഉപഭോക്താക്കളും ഉൾപ്പെടുന്ന ശക്തമായ അടിത്തറ ഐസിഎൽ ഫിൻകോർപ്പിനുണ്ട്. വിശ്വാസം, സുതാര്യത, സേവനമികവ് എന്നീ മൂല്യങ്ങളിൽ കമ്പനി ഉറച്ചുനിൽക്കുന്നുവെന്നും ഇവർ വ്യക്തമാക്കി.




# വനിതകൾക്ക് പ്രത്യേക സാലറി അക്കൗണ്ട് അവതരിപ്പിച്ച് യെസ് ബാങ്ക്

**കൊച്ചി:** അന്താരാഷ്ട്ര വനിതാ ദിനത്തോട് അനുബന്ധിച്ച് യെസ് എസ്സൻസ് വിമൺസ് സാലറി അക്കൗണ്ട് എന്ന പ്രത്യേക പദ്ധതി പ്രഖ്യാപിച്ച് യെസ് ബാങ്ക് വനിതകൾക്ക് സാമ്പത്തിക സുരക്ഷയും പ്രതിരോധ ആരോഗ്യ പരിചരണവും ലൈഫ് സ്റ്റൈൽ ആനുകൂല്യങ്ങളും സമ്പത്തു സൃഷ്ടിക്കാനുള്ള പിന്തുണയും അടക്കമുള്ള നിരവധി നേട്ടങ്ങൾ ഒരുമിച്ചു ലഭ്യമാക്കുന്നതാണിതെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി. ഈ അക്കൗണ്ടിനു കീഴിൽ ആദ്യ വർഷം സൗജന്യ ലോക്കർ സൗകര്യം ലഭ്യമാക്കും. 3 ഇൻ 1 അക്കൗണ്ടിൽ ഡീമാറ്റ് അക്കൗണ്ടിന് ആദ്യ വർഷം വാർഷിക ചാർജുകൾ പൂർണമായി ഒഴിവാക്കും. ആദ്യ വർഷത്തിൽ 34,000 യെസ് റിവാർഡ്സ് നേടാനും റിഡീം ചെയ്യാനും അവസരം ലഭിക്കും. ആരോഗ്യ, ക്ഷേമ സേവനങ്ങളുടെ ഭാഗമായി അക്കൗണ്ട് ഉടമകൾക്ക് ഒരു വർഷത്തേക്ക് അഞ്ച് ലക്ഷം രൂപയുടെ സൂപ്പർ ടോപ്പ് അപ്പ് ഹെൽത്ത് കവർ കോംപ്ലിമെന്ററി ആയി നൽകും. വീട്ടിലെ സന്ദർശനവും ലാബ് ശേഖരണ സംവിധാനവും ഉൾപ്പെടെ വർഷത്തിൽ ഒരു തവണ പ്രതിരോധ ആരോഗ്യ പരിശോധനകൾ ലഭ്യമാക്കും. പാരന്റിങ് ടൂൾകിറ്റ്, ഗൈനക്കോളജിസ്റ്റ്, ശിശുരോഗ വിദഗ്ദ്ധർ, സൈക്കോളജിസ്റ്റ്, ന്യൂട്രീഷനിസ്റ്റ്, മറ്റ് സ്പെഷലിസ്റ്റുകൾ എന്നിവരുമായുള്ള കൺസൾട്ടേഷൻ തുടങ്ങിയവ കോംപ്ലിമെന്ററി ആയി ലഭിക്കുന്ന ഒരു വർഷ മെമ്പർഷിപ്പ് ഇതിനോടൊപ്പം ലഭിക്കും. തെരഞ്ഞെടുത്ത വിഭാഗങ്ങളിൽ പ്രതിവർഷം ആറായിരം രൂപ വരെ മൂല്യമുള്ള അഞ്ചു ശതമാനം കാഷ് ബാക്ക് ലഭിക്കുന്ന എലഗൻസ് ഡെബിറ്റ് കാർഡും ഇതോടൊപ്പം ലഭിക്കുമെന്നും ബാങ്ക് അധികൃതർ വ്യക്തമാക്കി.

# സ്റ്റാർ ഹെൽത്ത്: പ്രാഥമിക ഉടമകളിൽ 21 ശതമാനവും വനിതകൾ

**കൊച്ചി:** ആരോഗ്യ ഇൻഷുറൻസ് കമ്പനിയായ സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷുറൻസിന്റെ റീട്ടെയിൽ ആരോഗ്യ പോളിസികൾ 10 ദശലക്ഷം വനിതകൾക്ക് പരിരക്ഷ നൽകുന്നതായി ഇതു സംബന്ധിച്ചു പുറത്തിറക്കിയ സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. ഇന്ത്യൻ വനിതകളുടെ ആരോഗ്യ ഇൻഷുറൻസ് സംബന്ധിച്ച രീതികളിൽ വന്ന മാറ്റവും ഈ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്. എല്ലാ പുതിയ റീട്ടെയിൽ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളിലും പ്രാഥമിക പോളിസി ഉടമകളിൽ 21 ശതമാനം വനിതകളാണെന്നും ഇതു വ്യക്തമാക്കുന്നു. 2025ലെ ആദ്യ ഒൻപത് മാസങ്ങളെ അപേക്ഷിച്ച് 2026ലെ ആദ്യ ഒൻപത് മാസങ്ങളിൽ വനിതകൾ ദീർഘകാല ഇൻഷുറൻസ് പോളിസി വാങ്ങുന്ന കാര്യത്തിൽ 65 ശതമാനം വർധനവാണ് ഉണ്ടായിട്ടുള്ളത്. പ്രതിരോധ ആരോഗ്യ പരിശോധനകളുടെ കാര്യത്തിൽ 127 ശതമാനം വർധനവും 40 വയസിനു മേലുള്ള വനിതകളുടെ കാര്യത്തിൽ 143 ശതമാനം വർധനവും ഉണ്ടായിട്ടുണ്ട്. വനിതകൾക്ക് നൽകിയ പോളിസികളിൽ 83 ശതമാനവും ഏജന്റുമാർ വഴിയാണു നൽകിയതെന്നത് പിന്തുണയോടെ പോളിസികൾ വിൽക്കുന്നതിനെ ഉയർത്തിക്കാട്ടുകയാണ്. ആരോഗ്യ പരിചരണത്തിന്റെ കാര്യത്തിലും സാമ്പത്തിക സുരക്ഷയുടെ കാര്യത്തിലും വനിതകളുടെ സമീപനത്തിൽ വന്ന മാറ്റമാണ് ഇന്ത്യയിൽ ദൃശ്യമാകുന്നതെന്നും പ്രായം കുറഞ്ഞ വനിതകളാണ് പ്രതിരോധ പരിശോധനകൾ കൂടുതലായി പരിഗണിക്കുന്നതെന്നും സ്റ്റാർ ഹെൽത്ത് ആന്റ് അലൈഡ് ഇൻഷുറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ ആനന്ദ് റോയ് പറഞ്ഞു.

# വനിതാ സംരംഭകർക്ക് കൈത്താങ്ങായി സന്താരി പേൾ

**ആലപ്പുഴ:** ലോകോത്തര റിസോർട്ടുകളുടെ പട്ടികയിൽ ഇടംപിടിച്ച സന്താരി പേൾ. വനിതാ കൂട്ടായ്മയായ കുടുംബശ്രീയുമായി സഹകരിച്ച് പ്രാദേശിക വിപണനത്തിന് കരുത്തുപകരുന്ന പദ്ധതി എട്ടു വർഷങ്ങൾ പിന്നിടുകയാണ്. കമ്മ്യൂണിറ്റി, കൊളാബൊറേഷൻ, കൺസർവേഷൻ (3ഇ) എന്ന അടിസ്ഥാന തത്വങ്ങൾ മുൻനിർത്തി ഉത്തരവാദിത്ത ടൂറിസത്തിലൂടെ പ്രാദേശിക വനിതകളുടെ ഉപജീവനത്തിന് കൈത്താങ്ങാവുകയാണ് ഈ പദ്ധതി. 2018ലാണ് സന്താരി പേൾ കുടുംബശ്രീ കൂട്ടുകെട്ട് ആരംഭിച്ചത്. മാസം തോറും ശരാശരി 60 കിലോയോളം പുട്ടുപൊടി, അപ്പപ്പൊടി, അരിപ്പൊടി തുടങ്ങിയ വിഭവങ്ങൾ വിവിധ കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് റിസോർട്ട് നേരിട്ട് ശേഖരിക്കുന്നുണ്ട്. ടൂറിസം മേഖലയിലൂടെ വനിതാ ചെറുകിട സംരംഭങ്ങളെ ശക്തിപ്പെടുത്തുന്ന ഒരു മികച്ച മാതൃകയായി ഈ പങ്കാളിത്തം ഇതിനകം മാറിയിട്ടുണ്ട്.'കുടുംബശ്രീയുമായുള്ള നീണ്ട എട്ടുവർഷത്തെ സഹകരണം വലിയൊരു മുതൽക്കൂട്ടാണ്. ടൂറിസം മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്തി സ്ത്രീ സംരംഭകർക്ക് സ്ഥിരമായ വരുമാന മാർഗം സൃഷ്ടിക്കുകയാണ് ഈ കൂട്ടായ്മയിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് സന്താരി റിസോർട്ട്സ് ചീഫ് എക്സ്പീരിയൻസ് ഓഫീസർ അരവിന്ദ് ഗംഗാധരൻ പറഞ്ഞു. ഗുണമേന്മ പരിശോധിച്ച് ഉറപ്പാക്കിയ ശേഷമാണ് കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾ സ്വീകരിക്കുന്നത്. ഇതിലൂടെ നാട്ടിൻപുറങ്ങളിലെ തനത് വിഭവങ്ങൾക്കും ഉൽപ്പന്നങ്ങൾക്കും മുൻഗണന നൽകുന്നതിനോടൊപ്പം ടൂറിസത്തിന്റെ ഗുണഫലങ്ങൾ പ്രാദേശിക സമൂഹത്തിലേക്കെത്തിക്കുന്നതിലും ഈ കൂട്ടായ്മ നിർണായക പങ്കുവഹിക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സന്താരി പേൾ റിസോർട്ടുമായുള്ള ഈ ബന്ധം ഞങ്ങളുടെ വരുമാനത്തിൽ വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ടെന്നും ഭാവിയിൽ അത് കൂടുതൽ ശക്തിപ്പെടുത്താനാണ് ലക്ഷ്യമിടുന്നതെന്നും കുടുംബശ്രീ പ്രതിനിധി അനുരാധ പറഞ്ഞു.



# സ്ത്രീ ശാക്തീകരണത്തിൽ മാതൃകയായി സൗത്ത് ഇന്ത്യൻ ബാങ്ക്; 46 ശതമാനം ജീവനക്കാരും വനിതകൾ

**കൊച്ചി:** ബാങ്കിംഗ് മേഖലയിൽ സ്ത്രീ ശാക്തീകരണത്തിന്റെ മികച്ച മാതൃകയായി സൗത്ത് ഇന്ത്യൻ ബാങ്ക്. 2026ലെ വനിതാദിന പ്രമേയമായ 'ഗിവ് ടു ഗെയിൻ' എന്ന ആശയത്തെ മുൻനിർത്തി, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിലും നേതൃപാടവത്തിലും വലിയ മുന്നേറ്റമാണ് ബാങ്ക് നടത്തുന്നതെന്നും ബാങ്കിലെ 9,216 ജീവനക്കാരിൽ 4,250 പേരും വനിതകളാണ്. അതായത് ആകെ തൊഴിൽ സേനയുടെ 46.09 ശതമാനവും സ്ത്രീകളാണെന്നും സൗത്ത് ഇന്ത്യൻ ബാങ്ക് എം.ഡിയും സി.ഇ.ഒയുമായ പി.ആർ. ശേഷാദ്രി പറഞ്ഞു. ഇന്ത്യൻ സാമ്പത്തിക മേഖലയിലെ വനിതാ പങ്കാളിത്തത്തിന്റെ ശരാശരി നിരക്ക് ഏകദേശം 2530 ശതമാനമായിരിക്കെ, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ 46.09 ശതമാനമെന്ന നേട്ടം ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലാണ്. നിലവിൽ ബാങ്കിന്റെ ഉയർന്ന തസ്തികകളിലും 30 ശതമാനത്തോളം വനിതകളാണ്.174 സ്ത്രീകൾ ബ്രാഞ്ച് മേധാവികളായി സേവനമനുഷ്ഠിക്കുന്നുണ്ട്. രാജ്യത്തുടനീളം 'വനിതകൾ മാത്രം നിയന്ത്രിക്കുന്ന' 26 ബ്രാഞ്ചുകളും ബാങ്ക് സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീകളുടെ സാമ്പത്തിക സ്വാതന്ത്ര്യം ലക്ഷ്യമിട്ട് പുറത്തിറക്കിയ 'എസ്ഐബി ഹെർ അക്കൗണ്ട്' ഇതിനോടകം വലിയ ശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. മുൻഗണനാടിസ്ഥാനത്തിലുള്ള പലിശ നിരക്കുകൾ, ക്യാൻസർ കെയർ പോളിസി ഉൾപ്പെടെയുള്ള സൗജന്യ ഇൻഷുറൻസ് പരിരക്ഷ, ജീവിതശൈലീ ആനുകൂല്യങ്ങൾ, സാമ്പത്തിക സാക്ഷരതാ പരിപാടികൾ എന്നിവയിലൂടെ സാമ്പത്തിക സ്വാതന്ത്ര്യവും സമഗ്രമായ റിസ്ക് പരിരക്ഷയും ഉൾപ്പെടുന്ന പ്രീമിയം ബാങ്കിംഗ് സേവനങ്ങളാണ് ഇതിലൂടെ ലഭ്യമാകുന്നത്. 'ഹെർ പവർ' കുറഞ്ഞ പലിശ നിരക്കിലൂടെയും, ഏകദിന വായ്പാനുമതിയിലൂടെയും വനിതാ സംരംഭങ്ങളെ പിന്തുണയ്ക്കുന്നു. ഹെർ ഡെബിറ്റ് കാർഡുമായി ബന്ധിപ്പിച്ചിട്ടുള്ള 'ഹെർ മൈൽസ്റ്റോൺ റിവാർഡ്സ്' ഇടപാടുകളുടെ മൂല്യവും ഉപഭോക്തൃ പങ്കാളിത്തവും വർദ്ധിപ്പിക്കുകയും ചെയ്യുന്നുവെന്നും പി. ആർ. ശേഷാദ്രി പറഞ്ഞു.

# മത്സ്യമേഖലയിൽ വിജയഗാഥയുമായി ഷീജ സിൽവിയും രമാദേവിയും

**കൊച്ചി:** കഠിനാധ്വാനത്തിലൂടെ മത്സ്യമേഖലയിൽ സ്ത്രീശക്തി തെളിയിച്ച് മാതൃകയാകുകയാണ് ഷീജ സിൽവിയും കെ എസ് രമാദേവി പ്രമോദും. സംരംഭകത്വ മികവിലൂടെ കഴിവ് തെളിയിച്ച രണ്ട് തീരദേശ വനിതകളെയും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ഇന്ന് ആദരിക്കും. കല്ലുമ്മക്കായ കൃഷിയിലൂടെയാണ് കൊല്ലം ജില്ലയിലെ തെക്കും ഭാഗം സെന്റ് സെബാസ്റ്റ്യൻ ഐലന്റിലെ ഷീജ സിൽവി നേട്ടമുണ്ടാക്കിയത്. എറണാകുളം ജില്ലയിലെ നായരമ്പലം സ്വദേശിയായ രമാദേവി അലങ്കാരമത്സ്യ കൃഷിയിലാണ് മികവ് തെളിയിച്ചത്. മത്സ്യമേഖലലയിലുള്ളവർക്ക് സാങ്കേതിക സഹായവും പരിശീലനവും നൽകുന്ന സിഎംഎഫ്ആർഐയുടെ എസ്.ടി.ഐ (സയൻസ് ടെക്നോളജി ആന്റ് ഇന്നൊവേഷൻ) ഹബ് പദ്ധതിയുടെ ഗുണഭോക്താക്കളാണ് ഇരുവരും. കൊല്ലം അഷ്ടമുടിക്കായലിൽ ഭർത്താവ് സിൽവിയോടൊപ്പമാണ് ഷീജ കല്ലുമ്മക്കായ കടൽ മുരിങ്ങ കൃഷിയിലേക്കിറങ്ങിയത്. പത്ത് വർഷം മുമ്പ് ചെറിയ രീതിയിൽ തുടങ്ങിയ ഈ സംരംഭം സിഎംഎഫ്ആർഐയുടെ പരിശീലനത്തിലൂടെയാണ് വാണിജ്യാടിസ്ഥാനത്തിലേക്ക് വളർത്തിയത്. ശാസ്ത്രീയരീതി അവലംബിക്കുന്നതിനാൽ വരുമാനം മെച്ചപ്പെടുത്താനായി. ഒരു യൂണിറ്റിൽ നിന്ന് ഒരു ലക്ഷം രൂപവരെ ലാഭം ലഭിക്കും. കുട്ടികളുടെ പഠനം ഉൾപ്പെടെ കുടുംബത്തിന്റെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ സഹായിച്ചത് കായലിലെ കൃഷിയാണ്. അയൽപക്കത്തെ ഒട്ടേറെ സ്ത്രീകൾക്ക് തൊഴിൽ നൽകാനും ഇവർക്ക് സാധിക്കുന്നുണ്ട്. മേഖലയിലെ വനിതാ സ്വയംസഹായ ഗ്രൂപ്പുകളെ ഈ രംഗത്തേക്ക് എത്തിക്കുന്നതിലും ഷീജ നിർണ്ണായക പങ്കു വഹിക്കുന്നു. പത്ത് വർഷം മുമ്പ് വെറും ഒരു വിനോദമായി അലങ്കാരമത്സ്യ കൃഷി തുടങ്ങിയതാണ് രമാദേവി. പടിപടിയായാണ് പുരോഗതി കൈവരിച്ചത്. 2022 ൽ സിഎംഎഫ്ആർഐയുടെ എസ്. ടി.ഐ. ഹബ് പദ്ധതിയുടെ ഗുണഭോക്താവാകാൻ സാധിച്ചത് സംരംഭകത്വ രംഗത്ത് വഴിത്തിരിവായി. ലഭ്യമായ എല്ലാതരം അലങ്കാരമത്സ്യങ്ങളെയും രമാദേവിയുടെ ഫാമിൽ വളർത്തുന്നുണ്ട്. മത്സ്യകൃഷിയോടൊപ്പം വിത്തുൽപാദനവും നടത്തുന്നുണ്ട്. നിലവിൽ സർക്കാർ സ്ഥാപനമായ കാവിൽ (കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്) വഴിയും നേരിട്ടും ഇവർ മത്സ്യങ്ങൾ വിപണനം ചെയ്യുന്നു. ആഴ്ചയിൽ ശരാശരി 5,000 രൂപയോളം വരുമാനം ഈ മേഖലയിൽ നിന്ന് തനിക്ക് ലഭിക്കും. ഭർത്താവ് പ്രമോദ് നേട്ടങ്ങൾക്ക് കൂട്ടായി ഒപ്പമുണ്ട്. കഠിനാദ്ധ്വാനത്തിലൂടെയും മാനേജ്മെന്റ് വൈദഗ്ദ്ധ്യം പുറത്തെടുത്തും വിജയം കൈവരിച്ചതിനുള്ള അംഗീകാരമായി സിഎം എഫ്.ആർഐ ഇരുവരെയും ഇന്ന് ആദരിക്കും. ചടങ്ങിൽ ഷീല കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി മുഖ്യാതിഥിയാകും.





## രാജ്മാർഗ് ഇൻഫ്ര ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് ഐപിഒ മാർച്ച് 11 മുതൽ

**കൊച്ചി:** നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യ (എൻഎച്ച്എഐ) സ്പോൺസർ ചെയ്യുന്ന ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റായ രാജ്മാർഗ് ഇൻഫ്ര ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റിന്റെ പ്രാഥമിക പൊതു ഓഹരി വിൽപ്പന (ഐപിഒ) മാർച്ച് 11 മുതൽ 13 വരെ നടക്കും. ഐപിഒയിലൂടെ 6000 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്.

ഓഹരി ഒന്നിന് 99 മുതൽ 100 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 150 യൂണിറ്റുകൾക്കും തുടർന്ന് 150ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## സ്ത്രീകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** മില്ലറ്റിൽനിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിൽ ഇസാഫ് ഫൗണ്ടേഷൻ സ്ത്രീകൾക്ക് പരിശീലനം നൽകുന്നു. 12ന് കൊച്ചിയിലെ ഇസാഫ് ഫൗണ്ടേഷൻ ട്രെയിനിംഗ് സെന്ററിലാണ് ക്ലാസ്. കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക, 9072600771.

# സിവിൽ സർവ്വീസ്: പരിമിതികളെ അതിജീവിച്ച് അഭിമാനമായി ജസീല ജന്നത്ത്

**കോഴിക്കോട്:** കാഴ്ചയുടെ പരിമിതികളെ നിശ്ചയദാർഢ്യം കൊണ്ട് തോൽപിച്ച് സിവിൽ സർവീസ് പരീക്ഷയിൽ ഉജ്ജ്വല വിജയം കൈവരിച്ചിരിക്കുകയാണ് കോഴിക്കോട് വടകര സ്വദേശിനി പി.ജസീല ജന്നത്ത്. കേന്ദ്ര പബ്ലിക് സർവീസ് കമ്മീഷൻ (യു പി എസ് സി) പ്രസിദ്ധീകരിച്ച സിവിൽ സർവീസ് റാങ്ക് പട്ടികയിൽ 397ാം റാങ്ക് നേടിയാണ് ഈ മിടുക്കി തന്റെ സ്വപ്നനേട്ടം സ്വന്തമാക്കിയത്. ജസീറ മൻസിലിലെ പരേതനായ കുഞ്ഞബ്ദുള്ളയുടെയും സൈനബയുടെയും മകളായ ജസീല, ജന്മനായുള്ള കാഴ്ചപരിമിതികളെ പഠനമികവ് കൊണ്ടാണ് നേരിട്ടത്. 40 ശതമാനത്തിലേറെ കാഴ്ചപരിമിതിയുള്ള വ്യക്തി എന്ന നിലയിൽ വലിയ വെല്ലുവിളികൾ മുന്നിലുണ്ടായിരുന്നിട്ടും അതെല്ലാം മറികടന്ന് മുന്നേറാൻ ജസീലയ്ക്ക് സാധിച്ചു.




സിവിൽ സർവീസ് എന്ന ലക്ഷ്യത്തിനായി മൂന്ന് തവണയാണ് ജസീല പരീക്ഷ എഴുതിയത്. ഓരോ തവണയും നേരിട്ട തിരിച്ചടികളിൽ തളരാതെ, തന്റെ കുറവുകളെ കരുത്താക്കി മാറ്റിയ ജസീലയ്ക്ക് സോഷ്യോളജി ആയിരുന്നു ഐച്ഛിക വിഷയം. സ്ത്രീ കേന്ദ്രീകൃത വിഷയത്തിൽ ബിരുദാനന്തര ബിരുദം നേടിയ ജസീല തന്നെപോലെ അരികുവത്കരിക്കപ്പെട്ടവർക്ക് വേണ്ടി പ്രവർത്തിക്കാനും ക്രിയാത്മകമായി ഇടപെടാനും എന്ന വലിയ ലക്ഷ്യവുമായാണ് സിവിൽ സർവീസ് എന്ന സ്വപ്നത്തിലേക്ക് നടന്നുകയറുന്നത്. 2025 മാർച്ചിൽ ആരംഭിച്ച സൈലത്തിന്റെ സിവിൽ സർവീസ് ബാച്ചിലായിരുന്നു ജസീല ചേർന്നത്. തന്റെ തയ്യാറെടുപ്പിൽ, സിലബസ് പഠിച്ചെടുക്കുന്നതിനായി ഓഡിയോ അധിഷ്ഠിത പഠന രീതികൾ, വോയിസ്ടുടെക്സ്റ്റ് ടൂളുകൾ, സഹപാഠികളുമായി ചേർന്നുള്ള ചർച്ചകൾ എന്നിവ പ്രയോജനപ്പെടുത്തിയതായി ജസീല വ്യക്തമാക്കി.

സ്കൂൾ കാലഘട്ടം മുതൽക്കേ പഠനത്തിൽ മികവ് പുലർത്തിയിരുന്ന ജസീല, വില്ല്യാപ്പള്ളി സ്കൂളിൽ നിന്നും മികച്ച വിജയത്തോടെയാണ് പത്താം ക്ലാസും ഹയർ സെക്കിയും പൂർത്തിയാക്കിയത്. തുടർന്ന് ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദവും, മുംബൈയിലെ പ്രശസ്തമായ ടാറ്റ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് സോഷ്യൽ സയൻസസിൽ (ഠകടട) നിന്ന് സോഷ്യൽ വർക്കിൽ ബിരുദാനന്തര ബിരുദവും നേടി. പഠനത്തിൽ മാത്രമല്ല, കലാരംഗത്തും ജസീല തന്റെ കഴിവ് തെളിയിച്ചിട്ടുണ്ട്. സംസ്ഥാന സ്കൂൾ യുവജനോത്സവങ്ങളിൽ മിമിക്രി, വഞ്ചിപ്പാട്ട്, നാടൻപാട്ട്, മലയാളം പദ്യപാരായണം എന്നിവയിൽ എ ഗ്രേഡ് നേടിയ ജസീല മികച്ച പ്രസംഗക കൂടിയാണ്. കാഴ്ചയിലല്ല, കാഴ്ചപ്പാടിലാണ് കാര്യം എന്ന് തെളിയിക്കുന്ന ഈ വിജയം കേരളത്തിലെ ഒട്ടേറെ ഭിന്നശേഷിക്കാർക്ക് വലിയ പ്രചോദനമാകും. ജസീല ജന്നത്തിന്റെ ഈ നേട്ടം നാടിനും നാട്ടുകാർക്കും ഒരുപോലെ അഭിമാനമായി മാറിയിരിക്കുകയാണ്.






RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com